കഞ്ചാവ് കൃഷി

17 [*101] ശ്രീ. കെ. സി. ജോസഫ് :
„ വർക്കല കഹാർ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതു മുതൽ ഇതുവരെ എന്ത് തുകയ്ക്കുള്ള കഞ്ചാവ് കൃഷി നശിപ്പിച്ചിട്ടുണ്ട്:

(ബി) ഉൾവനങ്ങളിൽ കഞ്ചാവ് കൃഷി ചെയ്യുന്നത് കണ്ടുപിടിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്:

(സി) ആദിവാസികളെ ഭീഷണിപ്പെടുത്തി കഞ്ചാവ് കൃഷിക്കാരുടെ അടിമകളാക്കി അവരെക്കൊണ്ട് കഞ്ചാവ് കൃഷി ചെയ്യിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ നടപടി അവസാനിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) ഉദ്ദേശം 12,67,440 കഞ്ചാവ് ചെടികൾ നശിപ്പിച്ചിട്ടുണ്ട്. ഇതിന് അന്താരാഷ്ട്ര വിപണിയിൽ ഉദ്ദേശം 457.77 കോടി (നാനൂറ്റി അൻപത്തിയേഴുകോടി എഴുപത്തിയേഴ് ലക്ഷം) രൂപ വില വരുമെന്ന് കണക്കാക്കുന്നു.

(ബി) ഉൾവനങ്ങളിൽ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ നിരന്തരം റോന്ത് ചുറ്റി കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നു. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനങ്ങളിൽ കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യ വിവരം ശേഖരിച്ച് വരുന്നു. കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സഹായവും പ്രാദേശിക സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും ആദിവാസികളുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കുന്നതിന് സർക്കാർ 24-6-2005-ലെ ജി. ഒ. (ആർ റ്റി.) 356/05/വനം പ്രകാരം വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ആദിവാസികളെ ഭീഷണിപ്പെടുത്തി അടിമകളാക്കി കഞ്ചാവ് കൃഷി ചെയ്യിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലകൾക്കായി പ്രത്യേകം ടൂറിസം പാക്കേജ്

18 [*102] ശ്രീ. പി. ജെ. ജോയി:
„ ജി. കാർത്തികേയൻ:
„ എം. എ. വാഹീദ്:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളെ ടൂറിസം ജില്ലകളായി അംഗീകരിച്ചിട്ടുണ്ട്;

(ബി) ഈ ജില്ലകൾക്കുവേണ്ടി പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly